**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5001** **28/10/2016 ൽ മറുപടിക്ക്**

**കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല: | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാന കൃഷി വകുപ്പിൽ ഇപ്പോൾ കൃഷി ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; | (എ) സംസ്ഥാന കൃഷി വകുപ്പിൽ കൃഷി ഓഫീസർമാരുടെ 159 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. |
| ബി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷി വകുപ്പിലെ 10 ശതമാനം ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിപ്പിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (ബി) അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി 197 ക്ലറിക്കൽ വിഭാഗം ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിപ്പിച്ചിട്ടുണ്ട്. |
| സി) എങ്കിൽ കൃഷി ഓഫീസർമാരുടെ കുറവും ജീവനക്കാരുടെ പുനർവിന്യാസവും വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ;<br><br>ഡി) ഇതു മറികടക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ? | (സി) & (ഡി) കൃഷി ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി വരുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷി വകുപ്പിലുള്ള ക്ലറിക്കൽ വിഭാഗം ജീവനക്കാരെ തദ്ദേശ സ്വയം ഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിപ്പിച്ചത് വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.<br>റാങ്ക് ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പി.എസ്.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ